©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 19th August 2011<br>2011 ആഗസ്റ്റ് 19<br>28th Sravana 1933<br>1933 ശ്രാവണം 28 | No. നമ്പർ 1588 |


## GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 112/2011/LBR. *Dated, Thiruvananthapuram, 9th August, 2011.*

**S. R. O. No. 507/2011.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G.O. (Rt.) No. 136/1981/LBR dated 28th January, 1981 and published as S.R.O. No. 114/1981 in the Kerala Gazette Extraordinary No. 72 dated 28th January, 1981 the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 29083/E1/2010/LBR dated 2nd February, 2011 in the Kerala Gazette Extraordinary No. 261 dated 3rd February, 2011 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby re-fix the Minimum rates of wages payable to the employees employed in the Employment in "Tanneries and Leather Manufacturing Industry" in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/3110/2011/DTP.

SCHEDULE

**I. Piece Rate**

| *Sl. No.* | *Category/Work* | *(Per Pair)* ₹ |
|---|---|---|
| *(A) Foot Wear* | | |
| 1 | Chappal (Full size) | 23.20 |
| 2 | Full Shoes | 122.25 |
| 3 | Ambassador Shoes | 122.25 |
| 4 | Slip on Shoes | 93.05 |
| 5 | Half Shoes | 75.60 |

| *Sl. No.* | *Size* | *Rate per 2.54 cm.* ₹ |
|---|---|---|
| *(B) Suitcase* | | |
| 1 | 40.64 cm and below | 5.05 |
| 2 | Above 40.64 cm and below 45.72 cm | 5.80 |
| 3 | Above 45.72 cm and below 50.80 cm | 6.50 |
| 4 | Above 55.88 cm and below 60.97 cm | 9.55 |
| 5 | 66.05 cm and above | 11.55 |
| *(C) Hand Bag* | | |
| 1 | 35.56 cm and above with 2 folds | 2.15 |
| 2 | More than 2 folds | 8.50 (for each additional fold) |
| *(D) Thumbi Work* | | |
| 1 | 1.81 kg. to 2.27 kg. | 52.40 |
| 2 | Above 2.27 kg. | 69.85 |

## II. Daily Rated Wages

| Sl. No. | Category | Basic Daily Wages ₹ |
|---|---|---|
| 1 | Cutting Worker | 225 |
| 2 | Tailors | 165 |
| 3 | (a) Finishing Worker<br>(b) Helper<br>(c) General Worker | 155 |
| 4 | (a) Kathivela (Dehairing, Defleshing)<br>(b) Pit Workers | 165 |
| 5 | Thana Workers | 160 |

## III. Monthly Rated Wages

| Sl. No. | Category | Basic Daily Wages ₹ |
|---|---|---|
| 1 | Maistry | 5850 |
| 2 | Clerk | 4290 |
| 3 | Watchman | 3960 |
| 4 | Sweeper, Cleaner | 3800 |

## IV. Dearness Allowance

The Dearness Allowance shall be calculated on the basis of Consumer Price Index Number of each Headquarters fixed by the Department of Economics and Statistics. All the workers shall be paid in addition to their above said wages, the Dearness Allowance at the rate of 90 paise (ninety) for daily waged and piece rated workers, and Rupees 23.40 (Rupees twenty three and forty paise) for monthly waged employees respectively, for every point in excess of 130 points of the latest Consumer Price Index Numbers (New Series 1998-99=100) of each District Headquarters.

For Idukki and Wayanad District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

### V. Protection for Higher Wages

In case the employees of any Establishment/Industry are at present getting higher wages than the wages fixed as per this notification, they shall continue to be entitled to get such higher rates.

### VI. Monthly Wages and Daily Wages

The daily rate in respect of the category of employees for whom monthly rate is fixed in this Schedule may be calculated by dividing the monthly rate by 26 and the monthly rate in respect of those for whom daily rate is fixed may be calculated by multiplying the daily rate by 26.

By order of the Governor,

Anil, X.,
*Secretary to Government.*

### Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 29083/E1/2010/LBR dated 2nd February, 2011 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to re-fix the minimum rates of wages payable to the employees employed in "Tanneries and Leather Manufacturing Industry" in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 112/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

എസ്. ആർ. ഒ. നമ്പർ 507/2011.—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 1981 ജനുവരി 28-ാം തീയതിയിലെ 72-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 114/81 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 1981 ജനുവരി 28-ാം തീയതിയിലെ ജി.ഒ. (ആർറ്റി.) 136/1981/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ഫെബ്രുവരി 3-ാം തീയതിയിലെ 261-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ഫെബ്രുവരി 2-ാം തീയതിയിലെ 29083/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "ടാന്നറികളും ലതർ ഉല്പന്നങ്ങളുടെ നിർമ്മാണവും" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### I. പീസ് റേറ്റ്

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *ഒരു ജോഡി പണി പൂർത്തിയാക്കുന്നതിന്* ₹ |
|---|---|---|
| *(എ). പാദരക്ഷകൾ* | | |
| 1 | ചപ്പൽ (ഫുൾസൈസ്) | 23.20 |
| 2 | ഫുൾ ഷൂ | 122.25 |
| 3 | അമ്പാസഡർ ഷൂ | 122.25 |
| 4 | സ്ലിപ്പ് ഓൺ ഷൂ | 93.05 |
| 5 | ഹാഫ് ഷൂ | 75.60 |

| ക്രമ നമ്പർ | സൈസ് | 2.54 സെന്റീമീറ്റർ പണി പൂർത്തിയാക്കുന്നതിന് വേതനം ₹ |
|---|---|---|
| (ബി) | സൂട്ട്കെയ്സ് | |
| 1 | 40.64 സെ.മീറ്ററും അതിൽ കുറവും | 5.05 |
| 2 | 40.64 സെ.മീറ്ററിൽ കൂടുതലും 45.72 സെ.മീറ്ററിൽ കുറവും | 5.80 |
| 3 | 45.72 സെ.മീറ്റർ മുതൽ 50.80 സെ.മീറ്റർ വരെ | 6.50 |
| 4 | 55.88 സെ.മീറ്റർ മുതൽ 60.97 സെ.മീറ്റർ വരെ | 9.55 |
| 5 | 66.05 സെ.മീറ്ററും അതിന് മുകളിലും | 11.55 |
| (സി) | ഹാന്റ്ബാഗ് | |
| 1 | രണ്ടു മടക്കുകളുള്ള 35.56 സെ.മീറ്റർ സൈസും അതിന് മുകളിലും | 2.15 |
| 2 | രണ്ടു മടക്കുകളിൽ കൂടുതലുള്ളത് | 8.50 (അധികമുള്ള ഓരോ മടക്കിനും) |
| (ഡി) | തുമ്പി വർക്ക് | |
| 1 | 1.81 കി.ഗ്രാം മുതൽ 2.27 കി.ഗ്രാം വരെ | 52.40 |
| 2 | 2.27 കി. ഗ്രാമിന് മുകളിൽ | 69.85 |

## II. ദിവസ വേതന നിരക്ക്

| ക്രമ നമ്പർ | വിഭാഗം | അടിസ്ഥാന പ്രതിദിന വേതനം ₹ |
|---|---|---|
| 1 | കട്ടിംഗ് വർക്കർ | 225 |
| 2 | തയ്യൽ ജോലിക്കാർ | 165 |
| 3 | (എ) ഫിനിഷിംഗ് വർക്കർ<br>(ബി) ഹെൽപ്പർ<br>(സി) ജനറൽ വർക്കർ | 155 |
| 4 | (എ) കത്തിവേല (ഡിഹെയറിംഗ്, ഡിഫ്ളെഷിംഗ്)<br>(ബി) പിറ്റ് തൊഴിലാളികൾ | 165 |
| 5 | തണ തൊഴിലാളികൾ | 160 |

## III. പ്രതിമാസ വേതന നിരക്ക്

| ക്രമ നമ്പർ | വിഭാഗം | അടിസ്ഥാന വേതനം ₹ |
|---|---|---|
| 1 | മേസ്ത്രി | 5850 |
| 2 | ക്ലാർക്ക് | 4290 |
| 3 | വാച്ച്മാൻ | 3960 |
| 4 | സ്വീപ്പർ, ക്ലീനർ | 3800 |

## IV. ക്ഷാമബത്ത

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ ആസ്ഥാനത്തിനുവേണ്ടി നിശ്ചയിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കണക്കാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനു പുറമേ എല്ലാ തൊഴിലാളികൾക്കും അതത് ജില്ലാ കേന്ദ്രത്തിനുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയുടെ 130 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതനക്കാർക്കും പീസ്റേറ്റ് വേതനക്കാർക്കും 90 പൈസ (തൊണ്ണൂറ് പൈസ) വീതവും മാസ വേതനക്കാർക്ക് 23 രൂപ 40 പൈസ (ഇരുപത്തിമൂന്ന് രൂപ നാൽപ്പത് പൈസ) വീതവും ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങളിലെ ഉപഭോക്തൃ വില സൂചിക കണക്കാക്കി ക്ഷാമബത്ത കൊടുക്കേണ്ടതാണ്.

## V. ഉയർന്ന വേതനത്തിന് സംരക്ഷണം

ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനത്തെക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സ്ഥാപനം/വ്യവസായത്തിലെ തൊഴിലാളികളുടെ സംഗതിയിൽ അവർക്ക് അപ്രകാരമുള്ള ഉയർന്ന നിരക്ക് തുടർന്നും ലഭിക്കുന്നതിനുള്ള അർഹതയുണ്ട്.

## VI. മാസവേതനവും ദിവസവേതനവും

ഈ പട്ടികയിൽ പ്രതിമാസ നിരക്കുകൾ വേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗം തൊഴിലാളികളെ സംബന്ധിച്ച് ദിവസവേതനം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനം നിശ്ചയിച്ചിട്ടുള്ളവരെ സംബന്ധിച്ചുള്ള മാസവേതനം മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ടാന്നറികളും ലതർ ഉല്പന്നങ്ങളുടെ നിർമ്മാണവും" എന്ന വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ഫെബ്രുവരി 2-ാം തീയതിയിലെ 29083/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.